'87601/2023

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര തിരുവനന്തപുരം
തീയതി : 21-03-2023
Email - wcdbillsection@gmail.com
Phone - 0471 – 2346508

## സർക്കുലർ

വിഷയം:- വനിത ശിശു വികസന വകുപ്പ് – സാമ്പത്തിക വർഷത്തെ ട്രഷറി തിരക്കുകൾ നിയന്ത്രിക്കുന്നതിനു ബില്ലുകൾ / ചെക്കുകൾ നൽകേണ്ട സമയക്രമം നിശ്ചയിച്ചും ബില്ലുകൾ യഥാ സമയം മാറുന്നതിനും - മാർഗനിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നു

സൂചന:- 14/03/2023 ലെ SS1/27/2023 നമ്പർ സർക്കാർ സർക്കുലർ

2023 മാർച്ച് മാസ അവസാന ദിവസങ്ങളിൽ ട്രഷറികളിൽ ഉണ്ടാകുന്ന തിരക്കുകൾ നിയന്ത്രിക്കുന്നതിന് എല്ലാ കീഴ് കാര്യാലയ മേധാവികളും drawing and disbursing officers ഉം ചുവടെ പറയുന്ന നിർദേശങ്ങൾ പാലിച്ച് നടപ്പ് സാമ്പത്തിക വർഷത്തെ എല്ലാ ബില്ലുകളും ചെക്കുകളും മാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

(i) 29/03/2023/ 5 PM വരെ ട്രഷറിയിൽ ബില്ലുകൾ സമർപ്പിക്കാവുന്നതാണ്. എന്നാൽ 28-03-2023 **തീയതിക്ക് ശേഷം ട്രഷറിയിൽ നൽകുന്ന** ബില്ലുകൾ treasury queue വിലേക്ക് മാറ്റപ്പെടും എന്നതിനാൽ നടപ്പ് സാമ്പത്തിക വർഷത്തെ അവസാന ബില്ലുകൾ **28/03/2023/ 5 PM ന് മുമ്പായി** ബന്ധപ്പെട്ട **ട്രഷറിയിൽ സമർപ്പിക്കേണ്ടതാണ്**

(ii) ബില്ലുകൾ ട്രഷറിയിൽ സബ്മിറ്റ് ചെയ്യുന്നതിന് മുൻപ് ബിൽ നൽകുന്ന ശീർഷകത്തിൽ മതിയായ ബജറ്റ് വിഹിതം/അലോട്ട്മെന്റ് ഉണ്ടെന്നു drawing and disbursing officers ഉറപ്പു വരുത്തേണ്ടതാണ്.

(iii) അഡ്വാൻസ് തുക മാറുന്നതിനു ബിൽ സമർപ്പിക്കുവാൻ പാടുള്ളതല്ല. ഒഴിച്ചു കൂടാൻ കഴിയാത്ത (unavoidable circumstances) സാഹചര്യമാണെങ്കിൽ മാത്രം അഡ്വാൻസ് തുക മാറുന്നതിനു വകുപ്പ് മേധാവി മുഖേന സർക്കാർ അനുമതി തേടേണ്ടതാണ്

(iv) **ജില്ലാ** വനിതാ ശിശു വികസന അഫീസർമാർ യഥാസമയം തന്നെ അലോട്ട്മെന്റ് കീഴ് കാര്യാലങ്ങൾക്ക് അനുവദിച്ചു നൽകേണ്ടതാണ്. അലോട്ട്മെന്റ് അനുവദിക്കുന്നതിൽ ഒരു തരത്തിലുള്ള കാലതാമസവും ജില്ലാ അഫീസുകളിൽ ഉണ്ടാകാൻ പാടില്ല. കൂടാതെ കീഴ് കാര്യാലയ മേധാവികൾ മുഴുവൻ അലോട്ട്മെന്റ് തുകയും ചെലവഴിക്കുന്നതിനുള്ള ബില്ലുകൾ 28/03/2023/ 5 PM ന് മുമ്പായി ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ടെന്നു ജില്ലാ അഫീസർമാർ വ്യക്തി പരമായി ഉറപ്പു വരുത്തേണ്ടതാണ് .

(v) യഥാ സമയം ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കാതെയും /തെറ്റായി ബില്ലുകൾ സമർപ്പിച്ചും ഫണ്ട് ലാപ്സ് ആക്കുന്ന കാര്യാലയ മേധാവികളുടെ വിവരങ്ങൾ ജില്ലാ വനിതാ ശിശു വികസന ആഫീസർമാർ ശേഖരിച്ചു 3-4-2023 12:00 മണിക്ക് മുമ്പായി **wcdfunds@gmail.com എന്ന മെയിലിൽ ലഭ്യമാക്കേണ്ടതാണ്.** ഫണ്ട് ലാപ്സ് ആക്കുന്ന കാര്യാലയ മേധാവികൾക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്ന തായിരിക്കുമെന്നും മുന്നറിയിപ്പ് നൽകുന്നു

**ഡയറക്ടറേറ്റിലെ** ബന്ധപ്പെട്ട സെക്ഷനുകൾ നടപ്പ് വർഷത്തിൽ മാറേണ്ട ബില്ലുകൾക്ക് 24/03/2023 5 PM ന് മുമ്പായി അനുമതി ഉത്തരവുകൾ പുറപ്പെടുവിച്ചു ആയത് അലോട്ട്മെന്റ് സെക്ഷനിലും

ബിൽ സെക്ഷനിലും നൽകേണ്ടതാണ്. 25/03/2023 തീയതിക്ക് ശേഷം അലോട്ട്മെന്റ് നൽകുന്നതിനു നിയന്ത്രണം ഉണ്ടാകുന്നതാണ്. ആയതിനാൽ 24/03/2023 5 PM ക്ക് ശേഷം ലഭ്യമാകുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ബില്ലുകൾ മാറുവാൻ കഴിയാത്ത/ treasury queue ൽ പോകുന്ന സാഹചര്യം ഉണ്ടായാൽ അതിന്റെ ഉത്തരവാദിത്തം ബന്ധപെട്ട സെക്ഷനുകൾക്ക് മാത്രമായിരിക്കും

സീനിയർ അഡ്മിനിസ്റ്ററേറ്റീവ് ആഫീസർ

( 1)എല്ലാ ജില്ലാ വനിതാ ശിശു വികസന ആഫീസർമാർക്കും

(2)എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും, DDO മാർക്കും

പകർപ്പ്

(1) ഡയറക്ടറേറ്റിലെ എല്ലാ യൂണിറ്റ് ഓഫീസർമാർക്കും / SFO/FO

(2) ഡയറക്ടറേറ്റിലെഎല്ലാ സെക്ഷൻ മേധാവികൾക്കും

(3) സ്റ്റേറ്റ് കോ ഓർനേറ്റർ നിർഭയ

(4) പ്രോഗ്രാം മാനേജർ ICPS

(5) അഡിഷണൽ ഡയറക്ടറുടെ, ഡയറക്ടറുടെ CA മാർക്ക്

(6) സ്റ്റോക്ക് ഫയൽ